**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **20-06-2024 - ൽ മറുപടിയ്ക്ക്**

**കേരഫെഡിന്റെ നടുവണ്ണൂർ മന്ദങ്കാവ് കോംപ്ലക്സിലെ നാളികേര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഫെഡിന്റെ നടുവണ്ണൂർ മന്ദങ്കാവ് കോംപ്ലക്സിൽ ജോലി ചെയ്തിരുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളായ തൊഴിലാളികൾ വിരമിച്ച ഒഴിവിലേക്ക് പകരം ട്രേഡ് യൂണിയൻ പ്രതിനിധികളെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | **കേരഫെഡിന്റെ നടുവണ്ണൂർ പ്ലാന്റിൽ ചുമട്ടുതൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും വർക്കർമാരെ നേരിട്ടുമാണ് നിയമിക്കുന്നത്. യൂണിയൻ പ്രതിനിധികൾക്കായി കേരാഫെഡിൽ ഒഴിവുകൾ നീക്കിവച്ചിട്ടില്ല.** |
| (ബി) | മന്ദങ്കാവ് കോംപ്ലക്സിൽ തദ്ദേശീയരായ എത്ര നാളികേര കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്നുണ്ട്; എത്ര അളവ് നാളികേരമാണ് ഈ ഇനത്തിൽ കഴിഞ്ഞ വർഷം സംഭരിച്ചത്; ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര വൻകിട കച്ചവടക്കാരിൽ നിന്നും നാളികേരം സംഭരിക്കുന്നുണ്ട്; എത്ര അളവ് നാളികേരമാണ് ഇവരിൽ നിന്നും കഴിഞ്ഞ വർഷം സംഭരിച്ചത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | **മന്ദങ്കാവ് കോംപ്ലക്സിൽ തദ്ദേശീയരായ 278 ഓളം നാളികേര കർഷകരിൽ നിന്നും നാളികേരം സംഭരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 2023-24 കാലഘട്ടത്തിൽ ആകെ 245952.5 kg നാളികേരമാണ് സംഭരിച്ചത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും നാളികേരം സംഭരിച്ചിട്ടില്ല.** |
| (സി) | മന്ദങ്കാവ് കോംപ്ലക്സിൽ കമ്പ്യൂട്ടർ വാങ്ങിയത് ഉൾപ്പെടെയുള്ള പർച്ചേസുകളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടത്തിയ പർച്ചേസുകളുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) | **മന്ദങ്കാവ് കോംപ്ലക്സിൽ കമ്പ്യൂട്ടർ വാങ്ങിയത് ഉൾപ്പെടെയുള്ള പർച്ചേസുകളിൽ ക്രമക്കേടുകൾ നടന്നിട്ടില്ല. പർച്ചേസുകൾ ഇന്റേർണൽ ഓഡിറ്റിന് വിധേയമാക്കാറുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 2021 മുതൽ നാളിതുവരെയായി നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് 2 പ്രിന്ററുകളും ഒരു സി.സി.ടി.വിയും വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**<br><br>**വാങ്ങിയ ഇനവും, വാങ്ങിയ തീയതിയും, തുകയും**<br><br>**Printer Cannon 6060B - 24/3/2022, 1,17,000/-**<br><br>**Printer Epson 3250 – 19/7/2022, 15250/-**<br><br>**CCTV Hik vision – 21/12/2023, 95000/-** |

സെക്ഷൻ ഓഫീസർ